പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 33

# 2006-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2006

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 33

# 2006-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ബിൽ

780/2006.

പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 33

# 2006-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ബിൽ

സംസ്ഥാനത്ത് റോഡ് സുരക്ഷാ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഒരു റോഡ് സുരക്ഷാ അതോറിറ്റി രൂപീകരിക്കുന്നതിനും ഒരു റോഡ് സുരക്ഷാ ഫണ്ട് ഏർപ്പെടുത്തന്നതിനും അതുമായി ബന്ധപ്പെട്ടതും അതിന് ആനുഷാംഗികമായതുമായ സംഗതികൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—സംസ്ഥാനത്ത് റോഡ് സുരക്ഷാ പദ്ധതികൾ നടപ്പിലാക്കുന്നതിനായി, ഒരു റോഡ് സുരക്ഷാ അതോറിറ്റി രൂപീകരിക്കുന്നതിനും ഒരു റോഡ് സുരക്ഷാ ഫണ്ട് ഏർപ്പെടുത്തന്നതിനും അതുമായി ബന്ധപ്പെട്ടതും അതിന് ആനുഷാംഗികമായതുമായ സംഗതികൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ അമ്പത്തിഏഴാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2006-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ആക്റ്റ് എന്ന് പേർപറയാം.

(2) ഇത്, 2006 ജനുവരി 7-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. നിർവചനങ്ങൾ.—(1) ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(എ) "അപകടം" എന്നാൽ പൊതുനിരത്തിൽ ഒരു മോട്ടോർ വാഹനം ഉപയോഗിച്ചതുകാരണം. അതതു സംഗതിപോലെ, ഏതെങ്കിലും വ്യക്തിക്കോ അല്ലെങ്കിൽ സ്വത്തിനോ മരണമോ, ശാരീരികക്ഷതമോ അല്ലെങ്കിൽ നാശനഷ്ടമോ ഉണ്ടാക്കുന്ന ഏതെങ്കിലും സംഭവം എന്നർത്ഥമാകുന്നു ;

(ബി) "അതോറിറ്റി" എന്നാൽ 3-ാം വകുപ്പിൻ കീഴിൽ രൂപീകരിച്ച 'റോഡ് സുരക്ഷാ അതോറിറ്റി' എന്നർത്ഥമാകുന്നു ;

(സി) "സെസ്സ്" എന്നാൽ 10-ാം വകുപ്പിൻകീഴിൽ ചുമത്തുന്ന സെസ്സ് എന്നർത്ഥമാകുന്നു ;

780/2006.

(ഡി) "ചെയർമാൻ" എന്നാൽ അതതുസംഗതിപോലെ, അതോറിറ്റിയുടെയോ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയോ ചെയർമാൻ എന്നർത്ഥമാകുന്നു ;

(ഇ) "വകുപ്പ്" എന്നാൽ ഒരു സർക്കാർ വകുപ്പ് എന്നർത്ഥമാകുന്നു ;

(എഫ്) "ജില്ല" എന്നാൽ ഒരു റവന്യു ജില്ല എന്നർത്ഥമാകുന്നു ;

(ജി) "ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ" എന്നാൽ 19-ാം വകുപ്പിൻ കീഴിൽ രൂപീകരിച്ച ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ എന്നർത്ഥമാകുന്നു ;

(എച്ച്) "എക്സിക്യൂട്ടീവ് കമ്മിറ്റി" എന്നാൽ അതോറിറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി എന്നർത്ഥമാകുന്നു ;

(ഐ) "ഫണ്ട്" എന്നാൽ 11-ാം വകുപ്പിൻ കീഴിൽ രൂപീകരിച്ച റോഡ് സുരക്ഷാ ഫണ്ട് എന്നർത്ഥമാകുന്നു ;

(ജെ) "തദ്ദേശാധികാരസ്ഥാനം" എന്നാൽ 1994-ലെ കേരള പഞ്ചായത്ത്‌രാജ് ആക്റ്റിൻ (1994-ലെ 13) കീഴിൽ രൂപീകരിച്ച ഒരു പഞ്ചായത്തോ 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിൻ (1994-ലെ 20) കീഴിൽ രൂപീകരിച്ച ഒരു മുനിസിപ്പാലിറ്റിയോ എന്നർത്ഥമാകുന്നു ;

(കെ) "പൊതുനിരത്ത്" എന്നതിൽ പൊതുജനത്തിന് പ്രവേശനമുള്ള ഏതൊരു സ്വകാര്യ റോഡും കൂടാതെ ട്രാഫിക് ഐലൻഡുകളും, മീഡിയനുകളും, നടപ്പാതകളുംകൂടി ഉൾപ്പെടുന്നതാണ് ;

(എൽ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു ;

(എം) "റഗുലേഷനുകൾ" എന്നാൽ 39-ാം വകുപ്പിൻ കീഴിലുണ്ടാക്കിയ റഗുലേഷനുകൾ എന്നർത്ഥമാകുന്നു ;

(എൻ) "വാഹനം" എന്നതിൽ മനുഷ്യരെയോ, മൃഗങ്ങളെയോ, അല്ലെങ്കിൽ സാധനങ്ങളോ വഹിച്ചുകൊണ്ടുപോകുന്നതിനോ മനുഷ്യരുടെ സഞ്ചാരത്തിന് ഉപയോഗിക്കുന്നതോ ഉപയോഗിക്കാൻ കഴിയുന്നതോ ആയ ഏതെങ്കിലും യന്ത്രോപായമോ അല്ലെങ്കിൽ ഉപകരണമോ ഉൾപ്പെടുന്നു ;

(ഒ) "ഇര" എന്നാൽ ഒരു അപകടത്തിന്റെ ഇര അല്ലെങ്കിൽ അപ്രകാരമുള്ള ഒരു അപകടത്തിൽ മരണപ്പെട്ട ആൾ എന്നർത്ഥമാകുന്നു ;

(2) ഈ ആക്റ്റിൽ ഉപയോഗിച്ചിട്ടുള്ളതും എന്നാൽ ഇതിൽ നിർവചിച്ചിട്ടില്ലാത്തതുമായ വാക്കുകൾക്കും പദപ്രയോഗങ്ങൾക്കും 1988-ലെ മോട്ടോർ വാഹന ആക്റ്റിലോ (1988-ലെ 59-ാം കേന്ദ്ര ആക്റ്റ്) 1999-ലെ കേരള ഹൈവേ സംരക്ഷണ ആക്റ്റിലോ (2000-ലെ 6) അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലോ അവയ്ക്ക് യഥാക്രമം നൽകിയിട്ടുള്ള അർത്ഥങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

3. <u>അതോറിറ്റിയുടെ രൂപീകരണം.</u>—(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, അതിൽ വിനിർദ്ദേശിച്ചേക്കാവുന്ന തീയതി മുതൽ പ്രാബല്യത്തോടുകൂടി 'കേരള റോഡ് സുരക്ഷാ അതോറിറ്റി' എന്ന പേരിൽ ഒരു അതോറിറ്റി രൂപീകരിക്കാവുന്നതാണ്.

(2) അതോറിറ്റി ശാശ്വത പിൻതുടർച്ചാവകാശത്തോടും പൊതുമുദ്രയോടും കൂടിയതും ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, സ്ഥാവരജംഗമ സ്വത്തുക്കൾ ആർജ്ജിക്കുന്നതിനും കൈവശം വയ്ക്കുന്നതിനും കയ്യൊഴിക്കുന്നതിനും, കരാറുകളിൽ ഏർപ്പെടുന്നതിനുമുള്ള അധികാരത്തോടു കൂടിയതുമായ മേൽപ്പറഞ്ഞ പേരിലുള്ള ഒരു ഏകാംഗീകൃത നികായമായിരിക്കുന്നതും പ്രസ്തുത പേരിൽ വ്യവഹരിക്കുകയും വ്യവഹരിക്കപ്പെടുകയും ചെയ്യേണ്ടതുമാകുന്നു.

(3) അതോറിറ്റിയിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) ഗതാഗത വകുപ്പുമന്ത്രി, അദ്ദേഹം അതോറിറ്റിയുടെ ചെയർമാനായിരിക്കുന്നതാണ് ;

(ബി) മരാമത്ത് വകുപ്പുമന്ത്രി, അദ്ദേഹം അതോറിറ്റിയുടെ വൈസ് ചെയർമാനായിരിക്കുന്നതാണ് ;

(സി) ഗതാഗതവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ;

(ഡി) നിയമവകുപ്പ് സെക്രട്ടറി ;

(ഇ) ആഭ്യന്തര വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ;

(എഫ്) ധനകാര്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ;

(ജി) പൊതുമരാമത്ത്വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ;

(എച്ച്) ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ;

(ഐ) പൊതുവിദ്യാഭ്യാസവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ;

(ജെ) തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ;

(കെ) റോഡ് സുരക്ഷാ കമ്മീഷണർ, അദ്ദേഹം അതോറിറ്റിയുടെ മുഖ്യകാര്യ നിർവ്വഹണ ഉദ്യോഗസ്ഥൻ ആയിരിക്കുന്നതാണ് ;

(എൽ) പോലീസ് ഡയറക്ടർ ജനറൽ ;

(എം) ആരോഗ്യവകുപ്പ് ഡയറക്ടർ ;

(എൻ) പോലീസ് ഇൻസ്പെക്ടർ ജനറൽ (ട്രാഫിക്) ;

(ഒ) ചീഫ് എഞ്ചിനീയർ (റോഡുകളും പാലങ്ങളും) ;

(പി) ചീഫ് എഞ്ചിനീയർ (നാഷണൽ ഹൈവേകൾ) ;

(ക്യൂ) നാഷണൽ ട്രാൻസ്പോർട്ടേഷൻ, പ്ലാനിംഗ് ആന്റ് റിസർച്ച് സെന്റർ ഡയറക്ടർ ;

(ആർ) അഡീഷണൽ ട്രാൻസ്പോർട്ട് കമ്മീഷണർ ; കൂടാതെ

(എസ്) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, റോഡ് സുരക്ഷാ രംഗത്ത് വിദഗ്ദ്ധരായ മൂന്നുപേർ.

(4) അതോറിറ്റിയിലെ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ സർക്കാരിന് ഇഷ്ട മുള്ളിടത്തോളം കാലം ഔദ്യോഗികസ്ഥാനം വഹിക്കേണ്ടതാണ്.

(5) നാമനിർദ്ദേശം ചെയ്യപ്പെട്ട ഏതൊരു അംഗത്തിനും എത് സമയത്തും അതോറിറ്റിയുടെ ചെയർമാന് കത്ത് നല്കിക്കൊണ്ട് തന്റെ ഔദ്യോഗികസ്ഥാനം രാജിവയ്ക്കാവുന്നതാണ്.

4. അതോറിറ്റിയുടെ ചുമതലകൾ.—അതോറിറ്റിക്ക് താഴെപ്പറയുന്ന ചുമതലകൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) റോഡ് സുരക്ഷാ നയങ്ങളിന്മേൽ സരക്കാരിനെ ഉപദേശിക്കുക ;

(ബി) റോഡ് സുരക്ഷാ നിലവാരവും നടപടിക്രമങ്ങളും നിർണ്ണയിക്കുകയും നടപ്പിലാക്കുകയും ചെയ്യുക ;

(സി) റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട പദ്ധതികളും പ്രോജക്ടുകളും പരിപാടികളും ആവിഷ്ക്കരിക്കുക ;

(ഡി) റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട ജോലി ബന്ധപ്പെട്ട എല്ലാ ഏജൻസികളും വകുപ്പുകളുമായി ഏകോപിപ്പിക്കുക ;

(ഇ) റോഡ് സുരക്ഷാ പിപാടികൾ നടപ്പിലാക്കുക ;

(എഫ്) ഫണ്ടിന്റെ നടത്തിപ്പ് ;

(ജി) റോഡ് സുരക്ഷാ പദ്ധതികളും, പരിപാടികളും നടപ്പിൽ വരുത്തുന്നതി നുള്ള ചെലവ് അനുവദിക്കുക ;

(എച്ച്) റോഡ് സുരക്ഷാ പ്രോജക്റ്റുകൾക്കു വേണ്ടിയും റോഡ് സുരക്ഷയു മായി ബന്ധപ്പെട്ട സാമഗ്രികളും ഉപകരണങ്ങളും വാങ്ങുന്നതിനും സ്ഥാപിക്കുന്നതിനും വേണ്ടിയും ചെലവ് അനുവദിക്കുക ;

(ഐ) റോഡ് സുരക്ഷാ മേഖലയിൽ പ്രവർത്തിക്കുന്ന സംഘടനകൾക്കും സ്ഥാപനങ്ങൾക്കും സാമ്പത്തിക സഹായം അനുവദിക്കുക ;

(ജെ) റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട സംഗതികളിൽ പഠനങ്ങളും പ്രോജക്റ്റുകളും ഗവേഷണവും നടത്തുന്നതിന് ചെലവ് അനുവദിക്കുക ;

(കെ) അപകടങ്ങൾക്ക് ഇരയായവർക്കുള്ള സഹായം എത്തിക്കുക ;

(എൽ) ട്രോമാകെയർ പരിപാടികൾക്കോ പ്രവർത്തനങ്ങൾക്കോ ഉള്ള ചെലവ് അനുവദിക്കുക ;

(എം) അതോറിറ്റിയുടെ ഭരണപരമായ ചെലവുകൾ അനുവദിക്കുക ;

(എൻ) റോഡ് സുരക്ഷാ നടപടികളുമായി ബന്ധപ്പെട്ട സംഗതികൾക്കുള്ള ചെലവ് അനുവദിക്കുക ;

(ഒ) ഈ ആക്റ്റിന്റെ ഉദ്ദേശ്യങ്ങൾ പരിഗണിച്ചുകൊണ്ട് നിർണ്ണയിച്ചേക്കാവുന്ന പ്രകാരമുള്ള മറ്റ് ചുമതലകൾ നിർവ്വഹിക്കുക ;

5. എക്സിക്യൂട്ടീവ് കമ്മിറ്റി.—(1) അതോറിറ്റിക്ക് താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയിട്ടുള്ള ഒരു എക്സിക്യൂട്ടീവ് കമ്മിറ്റി ഉണ്ടായിരിക്കേണ്ടതാണ്, അതായത്,—

(എ) ചീഫ് സെക്രട്ടറി, അദ്ദേഹം എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ചെയർമാൻ ആയിരിക്കുന്നതാണ് ;

(ബി) ട്രാൻസ്പോർട്ട് കമ്മീഷണർ, വൈസ്-ചെയർമാൻ ആയിരിക്കുന്നതാണ് ;

(സി) പോലീസ് ഇൻസ്പെക്ടർ ജനറൽ (ട്രാഫിക്) ;

(ഡി) ചീഫ് എഞ്ചിനീയർ (റോഡുകളും പാലങ്ങളും) ;

(ഇ) ചീഫ് എഞ്ചിനീയർ (നാഷണൽ ഹൈവേകൾ) ;

(എഫ്) ഡയറക്ടർ ഹെൽത്ത് സർവ്വീസ് ;

(ജി) അഡീഷണൽ ട്രാൻസ്പോർട്ട് കമ്മീഷണർ അല്ലെങ്കിൽ ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ, മെമ്പർ സെക്രട്ടറി.

(2) അതോറിറ്റിയുടെ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന്റെ ചുമതല എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് ആയിരിക്കുന്നതാണ്.

(3) എക്സിക്യൂട്ടീവ് കമ്മിറ്റി, അതോറിറ്റി ചുമത്തിയേക്കാവുന്ന നിയന്ത്രണ ങ്ങൾക്കും വ്യവസ്ഥകൾക്കും പരിമിതികൾക്കും വിധേയമായി അതോറിറ്റി അതിന് ഏല്പി ച്ചുകൊടുത്തേക്കാവുന്ന പ്രകാരമുള്ള അതോറിറ്റിയുടെ അധികാരങ്ങൾ വിനിയോഗിക്കേണ്ടതും അങ്ങനെയുള്ള ചുമതലകൾ നിർവ്വഹിക്കേണ്ടതുമാണ്.

6. യോഗങ്ങൾ.—(1) അതതുസംഗതിപോലെ, അതോറിറ്റിയുടേയോ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയോ ചെയർമാൻ തീരുമാനിച്ചേക്കാവുന്ന പ്രകാരമുള്ള സമയത്തും സ്ഥലത്തും അതോറിറ്റിയും എക്സിക്യൂട്ടീവ് കമ്മിറ്റിയും യോഗം ചേരേണ്ടതും റഗുലേഷനുകളാൽ ഉണ്ടാക്കിയേക്കാവുന്ന നടപടി ചട്ടങ്ങൾ യോഗങ്ങളിലെ കാര്യങ്ങളുടെ നടത്തിപ്പിൽ പാലിക്കേണ്ടതുമാണ്.

(2) അതോറിറ്റിയുടെയോ എക്സിക്യൂട്ടിവ് കമ്മിറ്റിയുടെയോ ഏതൊരു യോഗത്തിലും ചെയർമാനോ അദ്ദേഹത്തിന്റെ അഭാവത്തിൽ വൈസ്-ചെയർമാനോ അല്ലെങ്കിൽ ഹാജരായ അംഗങ്ങൾ തെരഞ്ഞെടുത്ത ഒരംഗമോ ആദ്ധ്യക്ഷം വഹിക്കേണ്ട താണ്.

(3) അതോറിറ്റിയുടെ യോഗത്തിനുള്ള കോറം ഏഴ് ആയിരിക്കേണ്ടതാണ്.

(4) എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് കുറഞ്ഞത് മാസത്തിലൊരിക്കലെങ്കിലും യോഗം ചേരാവുന്നതാണ്.

(5) എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ യോഗത്തിനുള്ള കോറം മൂന്ന് ആയിരിക്കുന്നതാണ്.

7. കാര്യങ്ങളുടെ തീർപ്പാക്കൽ.— അതോറിറ്റിയോ എക്സിക്യൂട്ടീവ് കമ്മിറ്റിയോ തീരുമാനിക്കേണ്ട ഏതൊരു സംഗതിയും, അതതുസംഗതിപോലെ, അതോറിറ്റിയുടേയോ എക്സിക്യൂട്ടീവ് കമ്മിറ്റിയുടേയോ യോഗങ്ങളിൽ ഹാജരുള്ള അംഗങ്ങളുടെ ഭൂരിപക്ഷ തീരുമാനം അനുസരിച്ച് പരിഗണിക്കേണ്ടതും തീർപ്പാക്കേണ്ടതുമാണ്.

8. ഒഴിവുകൾ മുതലായവ അതോറിറ്റിയുടെ നടപടികൾ അസാധുവാക്കുന്നതല്ലെന്ന്.— അതോറിറ്റിയുടെ യാതൊരു പ്രവൃത്തിയോ നടപടികളോ അതോറിറ്റിയിലെ ഏതെങ്കിലും ഒഴിവിന്റെയോ ഘടനയിലുള്ള ന്യൂനതയുടെയോ കാരണത്താൽ മാത്രം ചോദ്യംചെയ്യാവുന്നതോ അസാധുവാക്കുന്നതോ അല്ല.

9. റോഡ് സുരക്ഷാ കമ്മീഷണർ.— (1) ഈ ആക്റ്റിന്റെ ആവശ്യത്തിലേക്കായി എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ചെയർമാനായ ചീഫ് സെക്രട്ടറി, റോഡ് സുരക്ഷാ കമ്മീഷണർ, എക്സ്-ഒഫീഷ്യോ, ആയിരിക്കുന്നതാണ്.

(2) റോഡ് സുരക്ഷാ കമ്മീഷണർ അതോറിറ്റിയുടെ മുഖ്യ കാര്യനിർവ്വഹണ ഉദ്യോഗസ്ഥൻ ആയിരിക്കുന്നതാണ്.

10. സെസ്സ് ചുമത്തലും പിരിച്ചെടുക്കലും.— (1) സംസ്ഥാനത്ത് ഉപയോഗിക്കുന്നതോ ഉപയോഗിക്കുന്നതിനായി സൂക്ഷിച്ചിട്ടുള്ളതോ ആയ ഏതൊരു മോട്ടോർ വാഹനത്തിന്മേലും, അങ്ങനെയുള്ള വാഹനങ്ങൾക്കായി പട്ടികയിൽ വിനിർദ്ദേശിച്ചിട്ടുള്ള നിരക്കുകളിൽ ഒരു ഒറ്റ പ്രാവശ്യ സെസ്സ് ഈ ആക്റ്റിലെ ആവശ്യങ്ങൾക്കായി ചുമത്തുകയും പിരിച്ചെടുക്കുകയും ചെയ്യേണ്ടതാണ് :

എന്നാൽ, കച്ചവട ആവശ്യത്തിനായി വ്യാപാരിയോ നിർമ്മാതാവോ സൂക്ഷിച്ചിട്ടുള്ള ഒരു മോട്ടോർ വാഹനത്തിന്മേൽ അങ്ങനെയുള്ള യാതൊരു സെസ്സും ചുമത്തുവാൻ പാടുള്ളതല്ല :

എന്നുമാത്രമല്ല, സർക്കാരിന് അപ്രകാരം ചെയ്യുന്നത് പൊതുതാല്പര്യാർത്ഥം ആവശ്യമാണെന്ന് അഭിപ്രായമുള്ളപക്ഷം അവർക്ക്, ഏതെങ്കിലും മോട്ടോർ വാഹനത്തെയോ ഏതെങ്കിലും വിഭാഗത്തിലുള്ള മോട്ടോർ വാഹനങ്ങളേയോ സംബന്ധിച്ച് ഈ ആക്റ്റ് പ്രകാരം നൽകേണ്ടതായ സെസ്സ്, ഗസറ്റ് വിജ്ഞാപനം വഴി, ഒഴിവാക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൻ കീഴിൽ ചുമത്താവുന്ന ഏതൊരു സെസ്സും, അതതു സംഗതിപോലെ, മോട്ടോർ വാഹനത്തിന്റെ രജിസ്റ്റേർഡ് ഉടമയോ അതിന്റെ കൈവശമോ നിയന്ത്രണമോ ഉള്ള ഏതെങ്കിലും ആളോ, നല്കേണ്ടതാണ്.

(3) (1)-ാം ഉവകുപ്പിൻ കീഴിൽ ചുമത്തിയിട്ടുള്ള സെസ്സ് 1976-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ ആക്റ്റിൻ (1976-ലെ 19), കീഴിൽ നിയമിച്ചിട്ടുള്ള ടാക്സേഷൻ ഓഫീസർ പിരിച്ചെടുക്കേണ്ടതോ അല്ലെങ്കിൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിലും സമയത്തും പിരിച്ചെടുക്കേണ്ടതോ ആകുന്നു.

(4) സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, സെസ്സ് പിരിച്ചെടുക്കുന്ന ആവശ്യത്തിലേക്കായി, 1976-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ ആക്റ്റിലെ (1976-ലെ 19) വ്യവസ്ഥകൾ, വിജ്ഞാപനത്തിൽ വിനിർദ്ദേശിച്ചേക്കാവുന്ന അങ്ങനെയുള്ള രൂപഭേദപ്പെടുത്തലുകൾക്ക് വിധേയമായി, ബാധകമാകുന്നതാണെന്ന് നിർദ്ദേശിക്കാവുന്നതാണ്.

(5) ഒരു മോട്ടോർ വാഹനത്തെ സംബന്ധിച്ച് സെസ്സ് നല്കുവാൻ ബാദ്ധ്യസ്ഥനായ ഏതെങ്കിലും ആൾ (3)-ാം ഉപവകുപ്പുപ്രകാരം നിർണ്ണയിക്കപ്പെട്ടിട്ടുള്ള സമയത്തിനുള്ളിൽ സെസ്സ് നല്കുന്നതിൽ വീഴ്ച വരുത്തുന്നപക്ഷം, അങ്ങനെയുള്ള ആൾ സെസ്സിനു പുറമേ കിട്ടാനുള്ള സെസ്സിന്റെ പത്തു ശതമാനത്തിനു തുല്യമായ ഒരു തുക പിഴയായി നൽകേണ്ടതാണ്.

(6) ഈ ആക്റ്റ് പ്രകാരം സർക്കാർ ചുമത്തിയിട്ടുള്ളതും പിരിച്ചെടുത്തതുമായ സെസ്സിൽ നിന്നുള്ള വരവ്, അതിൻ കീഴിൽ ഈടാക്കിയിട്ടുള്ള പിഴയും പലിശയും ഫീസും ഉൾപ്പെടെ ആദ്യം സംസ്ഥാന സഞ്ചിതനിധിയിൽ ക്രെഡിറ്റ് ചെയ്യേണ്ടതും അതിനുശേഷം പിരിച്ചെടുക്കുന്നതിനും ഈടാക്കുന്നതിനും സർക്കാർ നിശ്ചയിച്ച പ്രകാരമുള്ള ചെലവ് കുറവു ചെയ്തശേഷം ശേഷിച്ച തുക ഇതിലേക്കായി യഥാവിധി നിയമപ്രകാരമുള്ള ധനവിനിയോഗത്തിലൂടെ ഫണ്ടിലേക്ക് ഉൾക്കൊള്ളിക്കേണ്ടതും മാറ്റേണ്ടതുമാണ്.

(7) ഫണ്ടിലേക്ക് കൈമാറ്റം ചെയ്തിട്ടുള്ള ഏതൊരു തുകയും സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ ചാർജ്ജ് ചെയ്യേണ്ടതാണ്.

11. ഫണ്ടിന്റെ രൂപീകരണം.—(1) അതോറിറ്റി രൂപീകരിച്ചതിനുശേഷം, കഴിയാവുന്നത്രവേഗം "കേരള റോഡ് സുരക്ഷാ ഫണ്ട്" എന്ന പേരിൽ ഒരു ഫണ്ട് രൂപീകരിക്കേണ്ടതാണ്;

(2) ഫണ്ടിലേക്ക് താഴെപ്പറയുന്നവ ക്രെഡിറ്റ് ചെയ്യേണ്ടതാണ്,—

(എ) 10-ാം വകുപ്പിന്റെ (6)-ാം ഉപവകുപ്പ് പ്രകാരം കൈമാറ്റം ചെയ്യപ്പെട്ട തുക ;

(ബി) സർക്കാർ നല്കുന്ന ഗ്രാന്റുകളും വായ്പകളും അല്ലെങ്കിൽ മുൻകൂറുകളും ;

(സി) ഇൻഡ്യാ ഗവൺമെന്റ് നല്കുന്ന ഗ്രാന്റുകളും, വായ്പകളും അല്ലെങ്കിൽ മുൻകൂറുകളും ;

(ഡി) പൊതുസ്ഥാപനങ്ങളിൽ നിന്നോ സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നോ സംഘടനകളിൽ നിന്നോ ഉള്ള സംഭാവനകൾ ;

(ഇ) 28-ാം വകുപ്പിൻ കീഴിൽ ശേഖരിച്ച രാജിയാക്കൽ ഫീസ്.

(3) സർക്കാർ, 1988-ലെ മോട്ടോർ വാഹന ആക്റ്റ് (1988-ലെ 59-ാം കേന്ദ്ര ആക്റ്റ്) 200-ാം വകുപ്പിൻ കീഴിൽ മുൻവർഷത്തിൽ ശേഖരിച്ച രാജിയാക്കൽ ഫീസിന്റെ അൻപതു ശതമാനത്തിനു തുല്യമായ ഒരു തുക ഓരോ വർഷവും ഫണ്ടിലേക്ക്, നൽകേണ്ടതാണ്.

12. ഫണ്ടിന്റെ നിക്ഷിപ്തമാക്കലും നടത്തിപ്പും.—(1) ഫണ്ട്, 3-ാം വകുപ്പ് പ്രകാരം രൂപീകരിച്ച അതോറിറ്റിയിൽ നിക്ഷിപ്തമായിരിക്കേണ്ടതും അതോറിറ്റി അതിന്റെ നടത്തിപ്പ് നിർവ്വഹിക്കേണ്ടതുമാണ്.

(2) അതോറിറ്റി അതിൽ നിക്ഷിപ്തമായിട്ടുള്ള ഫണ്ടിന്റെ നടത്തിപ്പ് നിർണ്ണയിച്ചേക്കാവുന്ന പ്രകാരമുള്ള രീതിയിൽ നിർവ്വഹിക്കേണ്ടതാണ്.

(3) ഫണ്ടിന്റെ ഭാഗമാകുന്ന എല്ലാ തുകകളും അതോറിറ്റി തീരുമാനിച്ചേക്കാവുന്ന പ്രകാരം സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിലോ അല്ലെങ്കിൽ ഏതെങ്കിലും ദേശസാൽകൃത ബാങ്കിലോ നിക്ഷേപിക്കേണ്ടതും, അതോറിറ്റിയുടെ മുഖ്യ കാര്യ നിർവ്വഹണ ഉദ്യോഗസ്ഥൻ, അതോറിറ്റി തീരുമാനിച്ചേക്കാവുന്ന വിധത്തിൽ അക്കൗണ്ട് കൈകാര്യം ചെയ്യേണ്ടതുമാണ്.

13. ഫണ്ടിന്റെ ഉപയോഗപ്പെടുത്തൽ.—ഫണ്ട് താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ ആവശ്യങ്ങൾക്കായി ഉപയോഗിക്കേണ്ടതാണ്, അതായത് :—

(എ) റോഡ് സുരക്ഷാ പരിപാടികൾക്ക് ;

(ബി) റോഡ് സുരക്ഷ സംബന്ധിച്ച ബോധവല്ക്കരണ പരിപാടിക്ക് ;

(സി) റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട ഉപകരണങ്ങളുടെ വാങ്ങലുകൾക്ക് ;

(ഡി) റോഡ് സുരക്ഷ സംബന്ധിച്ച് പദ്ധതികളിന്മേലുള്ള അംഗീകൃത പഠനങ്ങൾക്കും ഗവേഷണത്തിനും ഫണ്ട് നല്കുന്നതിന് ;

(ഇ) റോഡ് സുരക്ഷാ രംഗത്ത് പ്രവർത്തിക്കുന്ന വ്യക്തികൾക്കും, സംഘടനകൾക്കും സ്ഥാപനങ്ങൾക്കും ഗ്രാന്റുകളായോ വായ്പകളായോ സഹായം നൽകുന്നതിന് ;

(എഫ്) അപകടങ്ങൾക്ക് ഇരയാകുന്നവർക്ക് സഹായമോ ആശ്വാസമോ നൽകുന്നതിന് ;

(ജി) ട്രോമ കെയർ പരിപാടികൾക്കും ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കും ;

(എച്ച്) അതോറിറ്റിയുടെ ഭരണപരമായ ചെലവുകൾക്ക് ;

(ഐ) അതോറിറ്റിക്ക്, യുക്തമെന്ന് തോന്നുന്ന റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കുള്ള ചെലവിന് ;

(ജെ) നിർണ്ണയിച്ചേക്കാവുന്ന മറ്റേതെങ്കിലും ആവശ്യത്തിനും.

14. അപകടഹേതുക്കൾ നീക്കുന്നതിന് ഉത്തരവിടാനുള്ള അധികാരം.—(1) തത്സമയം പ്രാബല്യത്തിലിരിക്കുന്ന മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഏതെങ്കിലും വ്യക്തിയുടെ റിപ്പോർട്ടിന്മേലോ മറ്റ് വിധത്തിലോ,—

(i) ഏതെങ്കിലും വ്യക്തിയുടെയോ വ്യക്തികളുടെയോ പബ്ലിക് റോഡിലെ പ്രവൃത്തി, അല്ലെങ്കിൽ

(ii) ഏതെങ്കിലും വാഹനം, മൃഗം, വസ്തു, എടുപ്പുകൾ കൂടാതെ ആർച്ചുകൾ, ബാനറുകൾ, ഡിസ്പ്ലേ ബോർഡുകൾ, ഹോർഡിംഗുകൾ, ചായ്പുകൾ, കൂടാരങ്ങൾ,

പന്തലുകൾ, കഴകൾ, പ്ലാറ്റ്ഫോമുകൾ, പ്രസംഗവേദികൾ, പ്രതിമകൾ, സ്തംഭങ്ങൾ എന്നിവ ഉൾപ്പെടെയുള്ള സാധനങ്ങൾ, അതുപോലെയുള്ള മറ്റ് എടുപ്പുകൾ എന്നിവ പബ്ലിക് റോഡിൽ വച്ചിട്ടുള്ളതോ നിർത്തിയിട്ടുള്ളതോ ; അല്ലെങ്കിൽ

(iii) പബ്ലിക് റോഡിൽ മൃഗങ്ങളുടേയോ വാഹനങ്ങളുടേയോ സഞ്ചാരം, അല്ലെങ്കിൽ

(iv) പബ്ലിക് റോഡിന്റെ സമീപത്ത് സ്ഥിതിചെയ്യുന്ന ഏതെങ്കിലും വൃക്ഷത്തിന്റെയോ എടുപ്പിന്റെയോ കെട്ടിടത്തിന്റെയോ അവസ്ഥ, അല്ലെങ്കിൽ

(5) പബ്ലിക് റോഡിന്റെ സമീപത്തുള്ള ഏതെങ്കിലും കെട്ടിടത്തിലേക്കോ പുരയിടത്തിലേക്കോ ഉള്ള പ്രവേശനമാർഗ്ഗമോ നിർഗ്ഗമനമാർഗ്ഗമോ, അപകടങ്ങൾ ഉണ്ടാക്കുവാനോ വാഹന ഗതാഗതത്തിന്റെ സുഗമമായ ഒഴുക്കിന് തടസ്സം സൃഷ്ടിക്കുവാനോ ഏതെങ്കിലും വാഹനത്തിന്റെ ഡ്രൈവറുടെ ശ്രദ്ധ തിരിക്കുവാനോ കാഴ്ച മറയ്ക്കുവാനോ സാദ്ധ്യതയുണ്ടെന്ന് അതോറിറ്റിക്ക് ബോദ്ധ്യമുള്ളിടത്ത്, അതോറിറ്റിക്ക്, പൊതു ഉത്തരവ് വഴിയോ പ്രത്യേക ഉത്തരവ് വഴിയോ അതിന്റെ കാരണങ്ങൾ രേഖപ്പെടുത്തിയശേഷം, ആവശ്യമെന്ന് അത് കരുതുന്ന അത്തരം നടപടികളെടുക്കുവാൻ ബന്ധപ്പെട്ട വ്യക്തിക്ക്, നിർദ്ദേശം നൽകാവുന്നതും അങ്ങനെയുള്ള വ്യക്തി അതോറിറ്റി വിനിർദ്ദേശിക്കാവുന്ന പ്രകാരമുള്ള സമയത്തിനുള്ളിൽ ആ നിർദ്ദേശം പാലിക്കുവാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും അടിയന്തിരഘട്ടത്തിൽ, അതതുസംഗതിപോലെ, അപകടമോ തടസ്സമോ തടയുവാൻ ആവശ്യമായ പ്രകാരമുള്ള നടപടി അതോറിറ്റിക്ക് സ്വീകരിക്കാവുന്നതും അതിനുള്ള ചെലവ് ഉത്തരവാദിയായ ആളിൽ നിന്നും നിർണ്ണയിച്ചേക്കാവുന്ന പ്രകാരമുള്ള രീതിയിൽ ഈടാക്കാവുന്നതുമാണ്.

15. പണികൾക്ക് ഉത്തരവിടാനുള്ള അധികാരം.—(1) തത്സമയം പ്രാബല്യത്തിലിരിക്കുന്ന മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, അതോറിറ്റി, ഒരു പബ്ലിക് റോഡിൽ, അത്തരം റോഡുകളിൽ സുരക്ഷ ഉറപ്പാക്കാൻ ആവശ്യമെന്ന് അത് കരുതാവുന്ന ഏതെങ്കിലും പണിക്ക് അല്ലെങ്കിൽ മെച്ചപ്പെടുത്തലിന് ഉത്തരവിടുന്നത് നിയമവിധേയമായിരിക്കുന്നതും ബന്ധപ്പെട്ട ഓരോ വകുപ്പും അല്ലെങ്കിൽ തദ്ദേശാധികാരസ്ഥാനവും അല്ലെങ്കിൽ മറ്റേതെങ്കിലും അധികാരസ്ഥാനവും അതോറിറ്റി വിനിർദ്ദേശിച്ചേക്കാവുന്ന അത്തരം സമയത്തിനുള്ളിൽ അത്തരം പണികളോ അല്ലെങ്കിൽ മെച്ചപ്പെടുത്തലോ നടത്താൻ ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്:

എന്നാൽ, 1999-ലെ കേരള ഹൈവേ സംരക്ഷണ ആക്റ്റിൻ (2000-ലെ 6) കീഴിൽ അപ്രകാരം പ്രഖ്യാപിച്ചിട്ടുള്ള ഒരു ഹൈവേ സംബന്ധിച്ച്, ഈ ഉപവകുപ്പ് പ്രകാരമുള്ള യാതൊരു ഉത്തരവും, അതതുപ്രദേശത്തിനായി പ്രസ്തുത ആക്റ്റിൻ കീഴിൽ നിയമിച്ചിട്ടുള്ള ഹൈവേ അതോറിറ്റിയുമായി മുൻകൂട്ടി കൂടിയാലോചന നടത്താതെ, പുറപ്പെടുവിക്കുവാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഉത്തരവുകൾ നടപ്പാക്കാൻ അതോറിറ്റിക്ക് സഹായകമായി പ്രവർത്തിക്കേണ്ടത് സർക്കാരിന്റെയോ തദ്ദേശാധികാരസ്ഥാനത്തിന്റെയോ മറ്റേതെങ്കിലും അധികാരസ്ഥാനത്തിന്റെയോ ഓരോ ഉദ്യോഗസ്ഥന്റെയും കർത്തവ്യമായിരിക്കുന്നതാണ്.

16. ചെലവ് ഈടാക്കാനുള്ള അധികാരം.—14-ാം വകുപ്പ് പ്രകാരം രേഖാമൂലമുള്ള ഒരു ഉത്തരവ് ലഭിച്ച ഏതെങ്കിലും വ്യക്തി ആ ഉത്തരവ് നിരസിക്കുകയോ ഉത്തരവ് പാലിക്കുന്നതിൽ വീഴ്ച വരുത്തുകയോ ചെയ്യുന്നപക്ഷം, അപകടം ഒഴിവാക്കാനും പൊതുജനങ്ങളുടെ സുരക്ഷ ഉറപ്പാക്കുവാനുമായി അതോറിറ്റിക്ക് നടപടി എടുക്കാവുന്നതും അതിന്റെ ചെലവ് അങ്ങനെയുള്ള വ്യക്തിയിൽ നിന്നും ഈടാക്കേണ്ടതുമാണ്.

17. ഭൂനികുതി കുടിശ്ശിക എന്നപോലെ തുക വസൂലാക്കേണ്ടതാണെന്ന്.—ഈ ആക്റ്റ് പ്രകാരം, അതോറിറ്റിക്ക് കിട്ടാനുള്ള ഏതൊരു തുകയും, മറ്റേതെങ്കിലും തരത്തിലുള്ള വസൂലാക്കലിന് ഭംഗം വരാതെ, ഭൂമിയിന്മേലുള്ള പൊതു നികുതി കുടിശ്ശിക എന്നതുപോലെ വസൂലാക്കാവുന്നതാണ്.

18. ഏല്പിച്ചുകൊടുക്കൽ.—അതോറിറ്റിക്ക്, സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി, റോഡ് സുരക്ഷാ പരിപാടികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ആവശ്യമെന്ന് കരുതാവുന്ന പ്രകാരമുള്ള അതിന്റെ അധികാരങ്ങളും ചുമതലകളും, അതിന് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള നിയന്ത്രണങ്ങൾക്ക് വിധേയമായി, ഒരു പൊതു ഉത്തരവ് അല്ലെങ്കിൽ പ്രത്യേക ഉത്തരവ് വഴി, എക്സിക്യൂട്ടീവ് കമ്മിറ്റിക്കോ റോഡ് സുരക്ഷാ കമ്മീഷണർക്കോ അല്ലെങ്കിൽ ജില്ലാ റോഡ് സുരക്ഷാ കൗൺസിലിനോ ഏല്പിച്ചുകൊടുക്കാവുന്നതാണ്.

19. ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ.—(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, സംസ്ഥാനത്തെ ഓരോ ജില്ലയിലും "ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ" എന്ന പേരിൽ ഒരു കൗൺസിൽ രൂപീകരിക്കാവുന്നതാണ്.

(2) ഓരോ ജില്ലാ റോഡ് സുരക്ഷാ കൗൺസിലിലും താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത് :—

(എ) ജില്ലാ കളക്ടർ-എക്സ് ഒഫീഷ്യോ ; അദ്ദേഹം കൗൺസിലിന്റെ ചെയർമാൻ ആയിരിക്കുന്നതാണ് ;

(ബി) ജില്ലാ പോലീസ് സൂപ്രണ്ട്-എക്സ് ഒഫീഷ്യോ ;

(സി) എക്സിക്യൂട്ടീവ് എൻജിനീയർ (റോഡുകളും പാലങ്ങളും)-എക്സ് ഒഫീഷ്യോ ;

(ഡി) എക്സിക്യൂട്ടീവ് എൻജിനീയർ (ദേശീയ പാതകൾ)-എക്സ് ഒഫീഷ്യോ ;

(ഇ) ജില്ലാ ആസ്ഥാനത്ത് അധികാരിതയുള്ള റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ-എക്സ് ഒഫീഷ്യോ ; അദ്ദേഹം കൗൺസിലിന്റെ മെമ്പർ സെക്രട്ടറി ആയിരിക്കുന്നതാണ്.

(3) ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ, കാലാകാലങ്ങളിൽ അതോറിറ്റി ഏല്പിച്ചുകൊടുക്കാവുന്ന പ്രകാരമുള്ള അധികാരങ്ങൾ വിനിയോഗിക്കുകയും ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യേണ്ടതാണ്.

20. ജീവനക്കാർ.—(1) അതോറിറ്റിക്ക്, സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി, ഈ ആക്റ്റ് പ്രകാരമുള്ള അതിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിനാവശ്യമെന്ന് കരുതുന്ന പ്രകാരമുള്ള ഉദ്യോഗസ്ഥന്മാരേയും ജീവനക്കാരേയും നിയമിക്കാവുന്നതാണ്.

(2) ജീവനക്കാരുടെ ഉദ്യോഗപ്പേര്, നിയമനരീതി, മറ്റു സേവന വ്യവസ്ഥകൾ എന്നിവ നിർണ്ണയിച്ചേക്കാവുന്ന പ്രകാരമായിരിക്കേണ്ടതാണ്.

21. ചെലവുകൾ.—ജീവനക്കാരുടേയും മറ്റു ജോലിക്കാരുടേയും ശമ്പളവും ബത്തകളും ഉൾപ്പെടെ ഫണ്ടിന്റെ നടത്തിപ്പിനുള്ള എല്ലാ ചെലവുകളും ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണ്.

22. കണക്കുകൾ.—ഫണ്ടിന്റെ കണക്കുകൾ നിർണ്ണയിച്ചേക്കാവുന്ന പ്രകാരമുള്ള രീതിയിൽ റോഡ് സുരക്ഷാ കമ്മീഷണർ സൂക്ഷിക്കേണ്ടതാണ്.

23. ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ റിപ്പോർട്ടുകൾ മുതലായവ സമർപ്പിക്കണമെന്ന്.—ഓരോ ജില്ലാ റോഡ് സുരക്ഷാ കൗൺസിലും, റോഡ് സുരക്ഷാ കമ്മീഷണർക്ക്, കാലാകാലങ്ങളിൽ ആവശ്യപ്പെടാവുന്ന പ്രകാരമുള്ള റിപ്പോർട്ടുകളും റിട്ടേണുകളും സമർപ്പിക്കേണ്ടതും വിവരങ്ങൾ നൽകേണ്ടതും റോഡ് സുരക്ഷാ കമ്മീഷണർ വർഷം തോറും അതോറിറ്റിക്ക് ഒരു സമാഹൃത റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.

24. വാർഷിക റിപ്പോർട്ട്.—(1) അതോറിറ്റി, ഓരോ സാമ്പത്തിക വർഷവും, മുൻവർഷത്തെ അതിന്റെ പ്രവർത്തനങ്ങളുടെ സത്യവും സമ്പൂർണ്ണവുമായ വിവരണം നൽകുന്ന ഒരു വാർഷിക റിപ്പോർട്ട് നിർണ്ണയിച്ചേക്കാവുന്ന പ്രകാരമുള്ള രീതിയിലും സമയത്തും തയ്യാറാക്കേണ്ടതും സർക്കാർ, ഉത്തരവുമൂലം വിനിർദ്ദേശിച്ചേക്കാവുന്ന തീയതിക്ക് മുമ്പായി പ്രസ്തുത റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്.

(2) അപ്രകാരമുള്ള ഓരോ റിപ്പോർട്ടും, അത് കിട്ടിക്കഴിഞ്ഞശേഷം കഴിയാവുന്നത്രവേഗം സർക്കാർ, നിയമസഭ മുമ്പാകെ വയ്പിക്കേണ്ടതാണ്.

25. ആഡിറ്റ്.—(1) അതോറിറ്റിയുടെ കണക്കുകൾ അക്കൗണ്ടന്റ് ജനറൽ ആഡിറ്റ് ചെയ്യേണ്ടതാണ്.

(2) അതോറിറ്റിക്ക്, അത് യുക്തമെന്ന് കരുതുന്ന പ്രകാരമുള്ള ഉദ്യോഗസ്ഥരെക്കൊണ്ട് ഓരോ വർഷവും കണക്കുകളുടെ ഇന്റേണൽ ആഡിറ്റ് നടത്താവുന്നതാണ്.

(3) ആഡിറ്റർ സാക്ഷ്യപ്പെടുത്തിയതായ അതോറിറ്റിയുടെ കണക്കുകൾ, അതിന്മേലുള്ള ആഡിറ്റ് റിപ്പോർട്ട് സഹിതം, അതോറിറ്റിയുടെ അതിന്മേലുള്ള അഭിപ്രായക്കുറിപ്പോടുകൂടി സർക്കാരിന് സമർപ്പിക്കേണ്ടതും സർക്കാർ അത് നിയമസഭ മുമ്പാകെ വയ്പിക്കേണ്ടതുമാണ്.

(4) റിപ്പോർട്ടിനനുസൃതമായി സർക്കാർ ഉത്തരവിട്ടേക്കാവുന്ന പ്രകാരമുള്ള തിരുത്തൽ നടപടികൾ അതോറിറ്റി എടുക്കേണ്ടതാണ്.

26. അതോറിറ്റിയുടെ ഉത്തരവ് പാലിക്കുന്നതിൽ വീഴ്ച വരുത്തുന്നതിനുള്ള ശിക്ഷ.—(1) അതോറിറ്റിയുടെയോ, റോഡ് സുരക്ഷാ കമ്മീഷണറുടെയോ, ഏതെങ്കിലും ജില്ലാ റോഡ് സുരക്ഷാ കൗൺസിലിന്റെയോ, ഈ ആക്റ്റ് പ്രകാരമുള്ള, ഏതെങ്കിലും ഉത്തരവ് നിരസിക്കുകയോ പാലിക്കുന്നതിൽ വീഴ്ചവരുത്തുകയോ ചെയ്യുന്ന ഏതൊരാളെയും, ആറുമാസക്കാലത്തേക്കുള്ള തടവിനോ അല്ലെങ്കിൽ അയ്യായിരം രൂപവരെയാകാവുന്ന പിഴയ്ക്കോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കേണ്ടതാണ്.

(2) കുറ്റകൃത്യം തുടരുന്ന സംഗതിയിൽ, കുറ്റം തുടരുന്ന ഓരോ ദിവസത്തേക്കും ആയിരം രൂപ പിഴ ചുമത്തേണ്ടതാണ്.

27. അതോറിറ്റിയെ തടസ്സപ്പെടുത്തുന്നതിനുള്ള ശിക്ഷ.—അതോറിറ്റിയെയോ, റോഡ് സുരക്ഷാ കമ്മീഷണറേയോ, ജില്ലാ റോഡ് സുരക്ഷാ കൗൺസിലിനേയോ അതോറിറ്റിയിലേയോ അഥവാ ജില്ലാ റോഡ് സുരക്ഷാ കൗൺസിലിലേയോ ഏതെങ്കിലും ഉദ്യോഗസ്ഥനേയോ അവർ നിയമിച്ചതോ ഏർപ്പെടുത്തിയതോ ആയ ഏതെങ്കിലും വ്യക്തിയേയോ ഈ ആക്റ്റിൻ കീഴിലുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിൽ തടസ്സപ്പെടുത്തുന്ന ഏതൊരാളേയും മൂന്നുവർഷക്കാലത്തേക്കുള്ള തടവിനോ അല്ലെങ്കിൽ അയ്യായിരം രൂപവരെയാകാവുന്ന പിഴയ്ക്കോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കേണ്ടതാണ്.

28. കുറ്റങ്ങൾ രാജിയാക്കൽ.—ശിക്ഷാനടപടികൾ തുടങ്ങുന്നതിനുമുമ്പോ അതിനുശേഷമോ, 26-ാം വകുപ്പിൻ കീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഏതൊരു കുറ്റവും ഇതിനുവേണ്ടി സർക്കാർ, ഗസറ്റ് വിജ്ഞാപനം വഴി, വിനിർദ്ദേശിച്ചേക്കാവുന്ന പ്രകാരമുള്ള ഉദ്യോഗസ്ഥന്മാർക്കും അല്ലെങ്കിൽ അധികാരസ്ഥാനങ്ങൾക്കും അപ്രകാരമുള്ള തുകയ്ക്കും രാജിയാക്കാവുന്നതാണ്.

29. കമ്പനികൾ ചെയ്യുന്ന കുറ്റങ്ങൾ.—ഈ ആക്റ്റിൻ കീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഒരു കുറ്റം ഏതെങ്കിലും സമയത്ത് ഒരു കമ്പനി ചെയ്തിട്ടുണ്ടെങ്കിൽ ആ കുറ്റം ചെയ്ത സമയത്ത് കമ്പനിയുടെ ചാർജ് വഹിച്ചിരുന്നതും അതിന്റെ ബിസിനസ്സ് നടത്തുന്നതിൽ കമ്പനിയോട് ഉത്തരവാദിത്തമുണ്ടായിരുന്നതുമായ ഓരോ വ്യക്തിയും ആ കമ്പനിയും ആ കുറ്റത്തിന് ഉത്തരവാദിയായി കരുതപ്പെടേണ്ടതും അതനുസരിച്ച് നടപടിയെടുക്കപ്പെടുന്നതിനും ശിക്ഷിക്കപ്പെടുന്നതിനും വിധേയമായിരിക്കുന്നതുമാണ്:

എന്നാൽ, ഈ ആക്റ്റ് പ്രകാരമുള്ള ഏതെങ്കിലും കുറ്റം ഒരു കമ്പനി ചെയ്തിരിക്കുകയും കമ്പനിയിലെ ഏതെങ്കിലും ഡയറക്ടറുടേയോ മാനേജരുടേയോ സെക്രട്ടറിയുടേയോ കമ്പനിയിലെ മറ്റേതെങ്കിലും ഉദ്യോഗസ്ഥന്റെയോ ഭാഗത്ത് ഏതെങ്കിലും ഉപേക്ഷ ആരോപിക്കപ്പെടാവുന്നതായ സമ്മതത്തോടോ മൗനാനുവാദത്തോടോ ആണ് ആ കുറ്റം ചെയ്തിട്ടുള്ളത് എന്ന് തെളിയിക്കുകയും ചെയ്തിട്ടുള്ളിടത്ത് പ്രസ്തുത ഡയറക്ടറോ മാനേജരോ സെക്രട്ടറിയോ മറ്റ് ഉദ്യോഗസ്ഥനോ ആ കുറ്റത്തിന് ഉത്തരവാദിയായി കരുതപ്പെടേണ്ടതും അതനുസരിച്ച് നടപടിയെടുക്കപ്പെടുന്നതിനും ശിക്ഷിക്കപ്പെടുന്നതിനും വിധേയനായിരിക്കുന്നതുമാണ്.

വിശദീകരണം: ഈ വകുപ്പിന്റെ ആവശ്യത്തിലേക്ക്,—

(എ) "കമ്പനി" എന്നാൽ ഒരു ഏകാംഗീകൃത നികായം എന്നർത്ഥമാകുന്നതും അതിൽ ഒരു ഫേമോ ആളുകളുടെ മറ്റ് സമാജമോ ഉൾപ്പെടുന്നതും ;

(ബി) ഒരു ഫേമിനെ സംബന്ധിച്ച് "ഡയറക്ടർ" എന്നാൽ ഫേമിലെ ഒരു പങ്കാളി എന്നർത്ഥമാകുന്നതും ; ആകുന്നു.

30. അപ്പീലുകൾ.—(1) ഈ ആക്റ്റിൻ കീഴിൽ അതോറിറ്റിയുടേയോ ജില്ലാ റോഡ് സുരക്ഷാ കൗൺസിലിന്റേയോ ഏതെങ്കിലും ഉദ്യോഗസ്ഥൻ പുറപ്പെടുവിക്കുന്ന ഉത്തരവുമൂലം സങ്കടമനുഭവിക്കുന്ന ഏതൊരാളിനും ഇതിനുവേണ്ടി സർക്കാർ, നിയമിച്ചേക്കാവുന്ന അപ്പലേറ്റ് അതോറിറ്റിക്ക് നിർണ്ണയിച്ചേക്കാവുന്ന പ്രകാരമുള്ള സമയത്തിനുള്ളിൽ അപ്പീൽ നൽകാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൻ കീഴിൽ നൽകുന്ന ഓരോ അപ്പീലും നിർണ്ണയിച്ചേക്കാവുന്ന പ്രകാരമുള്ള ഫീസ് സഹിതമായിരിക്കേണ്ടതാണ്.

(3) (1)-ാം ഉപവകുപ്പിൻ കീഴിൽ ഏതെങ്കിലും അപ്പീൽ ലഭിച്ചതിനുശേഷം, അപ്പലേറ്റ് അതോറിറ്റി, അപ്പീൽവാദിക്ക് ആ സംഗതിയിൽ പറയുവാനുള്ളത് പറയുവാൻ ഒരവസരം നൽകിയതിനുശേഷം, കഴിയുന്നത്ര വേഗത്തിൽ അപ്പീൽ തീർപ്പാക്കേണ്ടതാണ്.

31. റിവിഷൻ.—സർക്കാരിന്, സ്വമേധയായോ സങ്കടമനുഭവിക്കുന്ന വ്യക്തി നൽകിയ അപേക്ഷയിന്മേലോ, അതോറിറ്റിയോ ജില്ലാ റോഡ് സുരക്ഷ കൗൺസിലോ ഒരു ഉത്തരവ് പാസ്സാക്കിയിട്ടുള്ളതായ ഏതെങ്കിലും കേസിന്റെ റിക്കാർഡുകൾ ആവശ്യപ്പെടാവുന്നതും, ഉത്തരവ് അനുചിതമെന്നോ നിയമവിരുദ്ധമെന്നോ സർക്കാർ കാണുന്നപക്ഷം, സർക്കാരിന് അതിന് യുക്തമെന്ന് കരുതുന്ന പ്രകാരമുള്ള ഉത്തരവ് പാസ്സാക്കാവുന്നതുമാണ്.

32. അതോറിറ്റിയുടെ അംഗങ്ങളും ഉദ്യോഗസ്ഥരും പബ്ലിക് സർവെന്റുമാർ ആണെന്ന്.—അതോറിറ്റിയുടെ എല്ലാ അംഗങ്ങളും ഉദ്യോഗസ്ഥന്മാരും ഈ ആക്റ്റിലേയോ അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങളിലെയോ വ്യവസ്ഥകൾ പ്രകാരം പ്രവർത്തിക്കുകയോ പ്രവർത്തിക്കാൻ ഉദ്ദേശിക്കുകയോ ചെയ്യുമ്പോൾ, 1860-ലെ ഇൻഡ്യൻ ശിക്ഷാ നിയമത്തിലെ (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 21-ാം വകുപ്പിന്റെ അർത്ഥ വ്യാപ്തിക്കുള്ളിൽ വരുന്ന പബ്ലിക് സർവെന്റുമാർ ആയി കരുതപ്പെടേണ്ടതാണ്.

33. ഉത്തമവിശ്വാസത്തിൽ എടുത്ത നടപടിക്കുള്ള സംരക്ഷണം.—ഈ ആക്റ്റ് പ്രകാരമോ അഥവാ അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങൾ പ്രകാരമോ അഥവാ അവയ്ക്കനുസൃതമായോ, ഉത്തമവിശ്വാസത്തോടെ ചെയ്തതോ ചെയ്യാൻ ഉദ്ദേശിച്ചതോ ആയ ഏതെങ്കിലും കാര്യം സംബന്ധിച്ച്, സർക്കാരിനോ അതോറിറ്റിക്കോ, സർക്കാരിന്റെ ഏതെങ്കിലും ഉദ്യോഗസ്ഥനോ അതോറിറ്റിയുടെ ഏതെങ്കിലും അംഗത്തിനോ മറ്റു ജീവനക്കാർക്കോ എതിരായി യാതൊരു വ്യവഹാരമോ, പ്രോസിക്യൂഷനോ മറ്റു നിയമനടപടികളോ നിലനിൽക്കുന്നതല്ല.

34. കുറ്റങ്ങൾ നടപടിക്കെടുക്കലും വിചാരണയും.—കുറ്റം സ്ഥാപിക്കുന്നതിനുള്ള വസ്തുതകൾ അടങ്ങിയതും റോഡ് സുരക്ഷാ കമ്മീഷണറുടെ മുൻകൂട്ടിയുള്ള അനുവാദത്തോടെ സമർപ്പിച്ചിട്ടുള്ളതുമായ രേഖാമൂലമുള്ള ഒരു റിപ്പോർട്ടിന്മേൽ അല്ലാതെ യാതൊരു കോടതിയും ഈ ആക്റ്റ് പ്രകാരം ശിക്ഷ നൽകാവുന്ന ഏതൊരു കുറ്റവും നടപടിയ്ക്കെടുക്കാൻ പാടുള്ളതല്ല.

35. സിവിൽ കോടതികളുടെ അധികാരിതയ്ക്ക് വിലക്ക്.—ഈ ആക്റ്റ് പ്രകാരമോ അതിൻകീഴിലോ സർക്കാരോ അതോറിറ്റിയോ, അഥവാ സർക്കാരോ അതോറിറ്റിയോ അധികാരപ്പെടുത്തിയ ഏതെങ്കിലും ഉദ്യോഗസ്ഥനോ ഒത്തുതീർപ്പാക്കുകയോ തീരുമാനിക്കുകയോ കൈകാര്യം ചെയ്യുകയോ ചെയ്യേണ്ടതായ ഏതെങ്കിലും പ്രശ്നമോ നിർണ്ണയിക്കേണ്ടതായ ഏതെങ്കിലും സംഗതിയോ ഒത്തുതീർപ്പാക്കുവാനോ തീരുമാനിക്കുവാനോ കൈകാര്യം ചെയ്യുവാനോ അഥവാ നിർണ്ണയിക്കുവാനോ യാതൊരു സിവിൽ കോടതിക്കും അധികാരിത ഉണ്ടായിരിക്കുന്നതല്ല.

36. ആക്റ്റ് 1999-ലെ കേരള ഹൈവേ സംരക്ഷണ ആക്റ്റിന് ഭംഗം വരുത്തുന്നതല്ലെന്ന്.—ഈ ആക്റ്റിലെ വ്യവസ്ഥകൾ 1999-ലെ കേരള ഹൈവേ സംരക്ഷണ ആക്റ്റിന് (2000-ലെ 6) പുറമെയും അതിന്റെ വ്യവസ്ഥകൾക്ക് ഭംഗം വരാത്തവിധത്തിലുമായിരിക്കുന്നതാണ്.

37. നിർദ്ദേശങ്ങൾ നൽകുന്നതിനുള്ള അധികാരം.—സർക്കാരിന്, അതോറിറ്റിയുടെ നയപരമായ കാര്യങ്ങളിൽ അതോറിറ്റിക്ക് നിർദ്ദേശങ്ങൾ നൽകാവുന്നതും അത്തരം നിർദ്ദേശങ്ങൾക്ക് പ്രാബല്യം നൽകുവാൻ അതോറിറ്റിക്ക് ബാധ്യത ഉണ്ടായിരിക്കുന്നതുമാണ്.

38. ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം.—(1) ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്ന ആവശ്യത്തിലേക്കായി, സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെയും ഇനിപ്പറയുന്ന എല്ലാമോ അല്ലെങ്കിൽ ഏതെങ്കിലുമോ സംഗതികൾക്ക് അങ്ങനെയുള്ള ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(എ) അതോറിറ്റി നിർവ്വഹിക്കേണ്ടതായ ചുമതലകൾ ;

(ബി) 10-ാം വകുപ്പിൻ കീഴിൽ പിരിക്കേണ്ട സെസ്സിന്റെ രീതിയും സമയവും ;

(സി) അതോറിറ്റി, ഫണ്ടിന്റെ നടത്തിപ്പ് ഏതു രീതിയിൽ നിർവ്വഹിക്കണമെന്ന് ;

(ഡി) ഫണ്ട് ഏത് ആവശ്യങ്ങൾക്ക് വേണ്ടി ഉപയോഗിക്കണമെന്ന് ;

(ഇ) അതോറിറ്റിയുടെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും ഉദ്യോഗപ്പേരും നിയമന രീതിയും മറ്റു സേവനവ്യവസ്ഥകളും ;

(എഫ്) 22-ാം വകുപ്പുപ്രകാരം റോഡ് സുരക്ഷാ കമ്മീഷണർ ഫണ്ടിന്റെ കണക്കുകൾ ഏതു രീതിയിൽ സൂക്ഷിക്കണമെന്ന് ;

(ജി) 24-ാം വകുപ്പ് പ്രകാരം വാർഷിക റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള രീതിയും സമയവും ;

(എച്ച്) 30-ാം വകുപ്പ് പ്രകാരം അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള സമയവും ഫീസും ;

(ഐ) നിർണ്ണയിക്കപ്പെടേണ്ടതോ, നിർണ്ണയിക്കപ്പെടാവുന്നതോ ആയ മറ്റേതെങ്കിലും സംഗതി.

(3) ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയ ഏതൊരു ചട്ടവും അത് ഉണ്ടാക്കിയതിന് ശേഷം, കഴിയുന്നത്ര വേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ, സഭ മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ടു സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാലു ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുമ്പ് നിയമസഭ ആ ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം ആ ചട്ടത്തിന് അതിനുശേഷം, അതതുസംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു. എന്നിരുന്നാലും, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

39. <u>റഗുലേഷൻ</u>.—അതോറിറ്റിക്ക്, അതതു സംഗതിപോലെ, അതോറിറ്റിയുടെയോ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയോ യോഗങ്ങൾക്ക് സ്വീകരിക്കേണ്ട നടപടിക്രമം സംബന്ധിച്ചും അതോറിറ്റിയുടെയോ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയോ മുമ്പാകെ വരുന്ന കാര്യങ്ങൾ തീർപ്പാക്കുന്നത് സംബന്ധിച്ചും റഗുലേഷനുകൾ ഉണ്ടാക്കാവുന്നതാണ്.

40. <u>വൈഷമ്യങ്ങൾ നീക്കം ചെയ്യൽ</u>.—ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിൽ, എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്ന പക്ഷം, സർക്കാരിന്, ആ വൈഷമ്യം നീക്കം ചെയ്യുന്ന ആവശ്യത്തിലേക്കായി, സന്ദർഭാനുസരണം ഈ ആക്റ്റിനോ അതിനു കീഴിലുണ്ടാക്കിയ ചട്ടങ്ങൾക്കോ വിരുദ്ധമല്ലാത്തതും ആവശ്യമെന്ന് അതിനു തോന്നുന്നതുമായ ഏതു നടപടിയും ഉത്തരവുമൂലം എടുക്കാവുന്നതാണ്.

41. <u>റദ്ദാക്കലും ഒഴിവാക്കലും</u>.—(1) 2006-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ഓർഡിനൻസ് (2006-ലെ 35) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്ത ഏതെങ്കിലും കാര്യമോ അഥവാ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്റ്റിൻ കീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

<u>പട്ടിക</u>

(10-ാം വകുപ്പ് കാണുക)

| ക്രമ നമ്പർ | മോട്ടോർ വാഹനത്തിന്റെ ഇനം | സെസ്സിന്റെ നിരക്ക് (രൂപ) |
|---|---|---|
| 1. | ഹെവി മോട്ടോർ വാഹനം | 500 |
| 2. | മീഡിയം മോട്ടോർ വാഹനം | 300 |
| 3. | ലൈറ്റ് മോട്ടോർ വാഹനം | 200 |
| 4. | ഇരുചക്രവാഹനം | 100 |

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1. ഭാരതത്തിലെ മറ്റു സംസ്ഥാനങ്ങളിലെ റോഡപകടങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ കേരളത്തിൽ റോഡപകടങ്ങളുടെ നിരക്ക് വളരെ ഉയർന്നതാണ്. സംസ്ഥാനത്ത് റോഡപകടങ്ങൾ കുറച്ചുകൊണ്ടു വരുന്നതിനായി സർക്കാരിന്റെ മിക്ക വകുപ്പുകളും സ്വന്തമായും കൂട്ടായും പല നടപടികളും കൈക്കൊണ്ടുവരികയാണ് എന്നാൽ ഈ പ്രവർത്തനങ്ങൾ പ്രതീക്ഷിച്ച ഫലം ഇതുവരെ നൽകിയിട്ടില്ല. മുൻപില്ലാത്ത വിധത്തിലുള്ള വാഹന ബാഹുല്യം, പൊതു നിരത്തുകളുടെ ശോച്യാവസ്ഥ, അശ്രദ്ധമായുള്ള വാഹനം ഓടിക്കൽ, മദ്യപിച്ച് വാഹനം ഓടിക്കൽ, ഗതാഗതചട്ടങ്ങളുടെ ലംഘനം, കാൽനടയാത്രക്കാരുടെ ഗതാഗത ചട്ടങ്ങളെക്കുറിച്ചുള്ള അജ്ഞത മുതലായവയാണ് റോഡപകടങ്ങളുടെ പ്രധാന കാരണങ്ങൾ. വിവിധ വകുപ്പുകളുടെ ശരിയായ ഏകോപനത്തിന്റെ അഭാവവും ആവശ്യമായ ഫണ്ടിന്റെ അപര്യാപ്തതയും റോഡ് സുരക്ഷാ പരിപാടികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് പര്യാപ്തമായ അധികാരങ്ങളോടുകൂടിയ ഒരു കേന്ദ്രീകൃത അധികാരസ്ഥാനം ഇപ്പോൾ നിലവിലില്ലാത്തതുമാണ് റോഡ് സുരക്ഷാ പരിപാടികൾ നടപ്പിലാക്കുന്നതിനുള്ള പ്രധാന തടസ്സങ്ങൾ. കേരളത്തിൽ റോഡപകടങ്ങൾ കുറയ്ക്കുന്നതിനും മൊത്തത്തിൽ ഒരു പരിഹാരം കാണുന്നതിനും കൂടാതെ റോഡപകടങ്ങൾക്കിരയാകുന്നവർക്ക് ട്രോമാ കെയർ ഉൾപ്പെടെ, രക്ഷാപ്രവർത്തനവും ആശ്വാസ നടപടികളും വേഗത്തിൽ എത്തിച്ചുകൊടുക്കുന്നതിനും വേണ്ടി ഒരു റോഡ് സുരക്ഷാ അതോറിറ്റി രൂപീകരിക്കേണ്ടതും ഒരു റോഡ് സുരക്ഷാ ഫണ്ട് ആവിഷ്ക്കരിക്കേണ്ടതും ആവശ്യമാണെന്ന് സർക്കാർ കരുതുന്നു. ഈ ആവശ്യത്തിലേക്ക് നിയമപരമായ ഒരു പദ്ധതി ഉണ്ടാക്കുന്നതിനുള്ള നിർദ്ദേശം നടപ്പിലാക്കുന്നതിന് ഉചിതമായ ഒരു നിയമ നിർമ്മാണം ആവശ്യമാണ്.

2. പ്രസ്തുത നിർദ്ദേശങ്ങൾ അടങ്ങിയ ഒരു ബിൽ പതിനൊന്നാം കേരള നിയമസഭയുടെ 227-ാം നമ്പർ ബില്ലായി പ്രസിദ്ധീകരിച്ചുവെങ്കിലും, സമയക്കുറവുമൂലം അത് നിയമമാക്കാൻ സാധിച്ചില്ല.

3. കേരള നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും പ്രസ്തുത നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും ഗവർണ്ണർ 2006-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ഓർഡിനൻസ് 2006 ജനുവരി 7-ാം തീയതി വിളംബരപ്പെടുത്തുകയും, ആയത് 2006-ലെ 7-ാം നമ്പർ ഓർഡിനൻസായി 2006 ജനുവരി 7-ാം തീയതിയിലെ 45-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

4. പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ 2006 ഫെബ്രുവരി 3-ാം തീയതി ആരംഭിച്ച് 2006 ഫെബ്രുവരി 21-ാം തീയതി അവസാനിച്ചതും 2006 മാർച്ച് 14-ാം തീയതി ആരംഭിച്ച് 2006 മാർച്ച് 15-ാം തീയതി അവസാനിച്ചതുമായ കേരള നിയമസഭയുടെ സമ്മേളനങ്ങളിൽ അവതരിപ്പിക്കുവാനോ പാസ്സാക്കുവാനോ കഴിയാഞ്ഞതിനാൽ 2006 മാർച്ച് 17-ാം തീയതി 2006-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ഓർഡിനൻസ് (2006-ലെ 27) ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2006 മാർച്ച് 17-ാം തീയതിയിലെ 603-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

5. 2006-ലെ 27-ാം നമ്പർ ഓർഡിനൻസിനുപകരം ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുവേണ്ടിയുള്ള ഒരു ബിൽ പന്ത്രണ്ടാം കേരള നിയമസഭയുടെ 2006 മേയ് 24-ാം തീയതി ആരംഭിച്ച് 2006 ജൂൺ 30-ാം തീയതി അവസാനിച്ച സമ്മേളനത്തിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും സാധിച്ചില്ല.

6. ആയതിനാൽ 2006-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ഓർഡിനൻസ് (2006-ലെ 35) ജൂലൈ 5-ാം തീയതി ഗവർണ്ണർ വിളംബരപ്പെടുത്തുകയും, 2006 ജൂലൈ 5-ാം തീയതിയിലെ 1129-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

7. പ്രസ്തുത ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

1. ബില്ലിലെ 3-ാം ഖണ്ഡം, ഗതാഗത വകുപ്പുമന്ത്രി, പൊതുമരാമത്ത് വകുപ്പിന്റെ ചുമതലയുള്ള മന്ത്രി, സർക്കാർ ഉദ്യോഗസ്ഥർ, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന റോഡ് സുരക്ഷാരംഗത്തെ വിദഗ്ദ്ധരായ മൂന്ന് അനൗദ്യോഗിക അംഗങ്ങൾ എന്നിവരെയുൾപ്പെടുത്തിക്കൊണ്ട് കേരള റോഡ് സുരക്ഷാ അതോറിറ്റി രൂപീകരിക്കാൻ വ്യവസ്ഥചെയ്യുന്നു. ബില്ലിലെ 5-ാം ഖണ്ഡം, അതോറിറ്റിക്കുവേണ്ടി സർക്കാർ ഉദ്യോഗസ്ഥർ അംഗങ്ങളായുള്ള ഒരു എക്സിക്യൂട്ടീവ് കമ്മിറ്റി രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നു. ബില്ലിലെ 10-ാം ഖണ്ഡം ഈ ആക്റ്റിന്റെ ആവശ്യത്തിലേക്കായി സംസ്ഥാനത്ത് ഉപയോഗിച്ച് കൊണ്ടിരിക്കുന്നതും ഉപയോഗത്തിനായി സൂക്ഷിക്കുന്നതുമായ ഓരോ മോട്ടോർ വാഹനത്തിന്മേലും, അങ്ങനെയുള്ള വാഹനങ്ങൾക്ക് പട്ടികയിൽ വിനിർദ്ദേശിച്ചിട്ടുള്ള നിരക്കുകൾ പ്രകാരം ഒറ്റത്തവണയായി സെസ്സ് പിരിച്ചെടുക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നു. എന്നാൽ

കച്ചവട ആവശ്യത്തിനായി അങ്ങനെയുള്ള വാഹനങ്ങളുടെ നിർമ്മാതാക്കളിൽ നിന്നും വ്യാപാരി വാങ്ങി സൂക്ഷിക്കുന്ന ഒരു മോട്ടോർ വാഹനത്തിന് അങ്ങനെയുള്ള യാതൊരു സെസ്സും ചുമത്തുവാൻ പാടുള്ളതല്ല. ഈ ഖണ്ഡത്തിന്റെ (6)-ാം ഉപഖണ്ഡം ഈ ആക്റ്റുപ്രകാരം സർക്കാർ ചുമത്തുന്നതും പിരിച്ചെടുക്കുന്നതുമായ സെസ്സിൽ നിന്നുള്ള വരവും അതിൻ കീഴിൽ ഈടാക്കിയിട്ടുള്ള പിഴയും പലിശയും ഉൾപ്പെടെ ആദ്യം സംസ്ഥാന സഞ്ചിതനിധിയിൽ ക്രെഡിറ്റ് ചെയ്യേണ്ടതും പിരിച്ചെടുക്കുന്നതിനും ഈടാക്കുന്നതിനും സർക്കാർ നിശ്ചയിച്ച പ്രകാരമുള്ള ചെലവ് കുറവ് ചെയ്തതിനുശേഷം ബാക്കി വരുന്ന തുക ഇതിലേക്കായി യഥാവിധി നിയമപ്രകാരമുള്ള ധനവിനിയോഗത്തിലൂടെ ഫണ്ടിലേക്ക് ഉൾക്കൊള്ളിക്കേണ്ടതും മാറ്റേണ്ടതുമാണെന്ന് കൂടി വ്യവസ്ഥ ചെയ്യുന്നു. ഫണ്ടിലേക്ക് കൈമാറ്റം ചെയ്യുന്ന ഏതൊരു തുകയും സംസ്ഥാന സഞ്ചിത നിധിയിൽ ചാർജ് ചെയ്യേണ്ടതാണെന്ന് ഈ ഖണ്ഡത്തിന്റെ (7)-ാം ഉപഖണ്ഡം വ്യവസ്ഥ ചെയ്യുന്നു. ബില്ലിലെ 11-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം, കേരള റോഡ് സുരക്ഷാ ഫണ്ട് ഏർപ്പെടുത്തുന്നതിന് വ്യവസ്ഥ ചെയ്യുന്നു. 1988-ലെ മോട്ടോർ വാഹന ആക്റ്റിലെ (1988-ലെ 59-ാം കേന്ദ്ര ആക്റ്റ്) 200-ാം വകുപ്പിൻ കീഴിൽ മുൻ വർഷം പിരിച്ചെടുത്ത രാജിയാക്കൽ ഫീസിന്റെ അമ്പത് ശതമാനത്തിന് തുല്യമായ ഒരു തുക, ഫണ്ടിലേക്ക് സർക്കാർ ഓരോ വർഷവും നൽകണമെന്ന് ബില്ലിലെ (3)-ാം ഉപഖണ്ഡം വ്യവസ്ഥ ചെയ്യുന്നു.

2. 2005-06 കാലയളവിൽ 1988-ലെ മോട്ടോർ വാഹന ആക്റ്റ് (1988-ലെ 59-ാം കേന്ദ്ര ആക്റ്റ്) 200-ാം വകുപ്പിൻ കീഴിൽ ശേഖരിച്ച രാജിയാക്കൽ ഫീസ് 14.72 കോടി രൂപയായിരുന്നു. അതിന്റെ അൻപത് ശതമാനം 7.36 കോടിരൂപയായിരുന്നു. അങ്ങനെ, ഫണ്ടിലേക്ക് നൽകുന്നതിനായുള്ള സഞ്ചിതനിധിയിൽ നിന്നുമുള്ള ചെലവ് 7.36 കോടി രൂപയാണ്. നടപ്പുവർഷത്തെ ആവർത്തന വാർഷിക ചെലവ് ഏകദേശം 7.36 കോടി രൂപ ആയിരിക്കും. എന്നാൽ യഥാർത്ഥ ആവർത്തന ചെലവ് ഓരോ വർഷവും പിരിച്ചെടുക്കുന്ന രാജിയാക്കൽ ഫീസിന്റെ അടിസ്ഥാനത്തിൽ വ്യത്യാസപ്പെട്ടുകൊണ്ടിരിക്കുമെന്നതിനാൽ അത് കൃത്യമായി തിട്ടപ്പെടുത്തുവാൻ സാധിക്കുകയില്ല. രാജിയാക്കൽ ഫീസ് പിരിച്ചെടുക്കുന്നതിൽ വരുന്ന ഏറ്റക്കുറവനുസരിച്ച് വർഷാവർഷം കേരള റോഡ് സുരക്ഷാ ഫണ്ടിലേക്ക് നൽകുന്ന തുകയും വ്യത്യാസപ്പെട്ടുകൊണ്ടിരിക്കും.

3. കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെയും എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയും ജില്ലാ റോഡ് സുരക്ഷാ കൗൺസിലിന്റെയും പ്രവർത്തനത്തിനുവേണ്ടി സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും യാതൊരു ചെലവും വഹിക്കേണ്ടിവരുന്നതല്ല. അങ്ങനെയുള്ള ചെലവുകൾ കേരള റോഡ് സുരക്ഷാഫണ്ടിൽ നിന്നും വഹിക്കുന്നതാണ്.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

1. ഗസറ്റ് വിജ്ഞാപനംവഴി, കേരള റോഡ് സുരക്ഷാ അതോറിറ്റി രൂപീകരിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 3-ാം ഖണ്ഡം, (1)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

2. ഏതെങ്കിലും മോട്ടോർ വാഹനത്തേയോ അഥവാ ഏതെങ്കിലും വിഭാഗ ത്തിൽപ്പെട്ട മോട്ടോർ വാഹനങ്ങളെയോ സെസ്സ് നൽകുന്നതിൽ നിന്നും ഒഴിവാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 10-ാം ഖണ്ഡം, (1)-ാം ഉപ ഖണ്ഡത്തിലെ രണ്ടാം ക്ലിപ്ത നിബന്ധന കൊണ്ടുദ്ദേശിക്കുന്നു.

3. (1)-ാം ഉപഖണ്ഡപ്രകാരം ചുമത്തുന്ന സെസ്സ് പിരിച്ചെടുക്കേണ്ട രീതിയും സമയവും നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 10-ാം ഖണ്ഡം, (3)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

4. ഗസറ്റ് വിജ്ഞാപനംവഴി വ്യക്തമാക്കാവുന്ന പ്രകാരമുള്ള രൂപഭേദപ്പെടുത്ത ലുകൾക്ക് വിധേയമായി, 1976-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ ആക്റ്റിലെ (1976-ലെ 19) വ്യവസ്ഥകൾ സെസ്സ് പിരിച്ചെടുക്കുന്ന ആവശ്യത്തിലേക്ക് ബാധകമായിരിക്കും എന്ന് നിർദ്ദേശിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 10-ാം ഖണ്ഡം, (4)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

5. കേരള റോഡ് സുരക്ഷാ ഫണ്ടിന്റെ നടത്തിപ്പ് ഏതു രീതിയിലായിരിക്കണമെന്ന് നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 12-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

6. (എ) മുതൽ (ഐ) വരെയുള്ള ഇനങ്ങളിൽ പറഞ്ഞിട്ടുള്ളവയ്ക്ക് പുറമേ മറ്റെല്ലാം ആവശ്യങ്ങൾക്ക് റോഡ് സുരക്ഷാ ഫണ്ട് ഉപയോഗിക്കാമെന്ന് നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 13-ാം ഖണ്ഡം (ജെ) ഇനം കൊണ്ടുദ്ദേശിക്കുന്നു.

7. അടിയന്തിര ഘട്ടത്തിൽ അപകടമോ തടസ്സമോ ഒഴിവാക്കുന്നതിനായി എടുത്ത നടപടിയുടെ ചെലവ് ഈടാക്കുന്നതിന്റെ രീതി നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 14-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

8. ഓരോ ജില്ലയിലും, ഗസറ്റ് വിജ്ഞാപനം വഴി, ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ രൂപീകരിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 19-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

9. കേരള റോഡ് സുരക്ഷാ അതോറിറ്റിയിലെ ജീവനക്കാരുടെ ഉദ്യോഗപ്പേര്, നിയമനരീതി, മറ്റ് സേവന വ്യവസ്ഥകൾ എന്നിവ നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 20-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

10. റോഡ് സുരക്ഷാഫണ്ടിന്റെ കണക്കുകൾ സൂക്ഷിക്കേണ്ടത് ഏത് രീതിയിലായിരിക്കണമെന്ന് നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 22-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

11. അതോറിറ്റിയുടെ വാർഷിക റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കേണ്ട രീതിയും സമയവും നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 24-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

12. 26-ാം ഖണ്ഡത്തിൻ കീഴിൽ ശിക്ഷിക്കപ്പെടാവുന്ന കുറ്റം ഏത് ഉദ്യോഗസ്ഥന് അല്ലെങ്കിൽ അധികാരസ്ഥാനങ്ങൾക്ക്, എത്ര തുകയ്ക്കും രാജി ആക്കാമെന്ന്, ഗസറ്റ് വിജ്ഞാപനം വഴി, വിനിർദ്ദേശിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 28-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

13. അപ്പീൽ നൽകുന്നതിനുള്ള സമയവും ഫീസും നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 30-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

14. സ്വമേധയോ, സങ്കടമനുഭവിക്കുന്ന ഒരാളിന്റെ അപേക്ഷയിന്മേലോ അതോറിറ്റിയോ, ജില്ലാ റോഡ് സുരക്ഷാ കൗൺസിലോ പാസ്സാക്കിയിട്ടുള്ള ഒരു ഉത്തരവ് ക്രമപ്രകാരമാണോ എന്നോ അല്ലയോ എന്നോ തീരുമാനിക്കുന്നതിനും അതിന് യുക്തമെന്ന് കരുതുന്ന ഉത്തരവുകൾ പാസ്സാക്കുന്നതിനും സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 31-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

15. നയപരമായ കാര്യങ്ങളിൽ അതോറിറ്റിക്ക് നിർദ്ദേശം നല്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 37-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

16. ഈ ആക്റ്റിന്റെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിലേക്ക് ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 38-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

17. കേരള റോഡ് സുരക്ഷാ അതോറിറ്റിയുടേയും എക്സിക്യൂട്ടീവ് കമ്മിറ്റിയുടേയും യോഗങ്ങൾ കൂടുന്നതിനും അതിന്റെ മുമ്പാകെ വരുന്ന കാര്യങ്ങൾ തീർപ്പാക്കുന്നതിനും സ്വീകരിക്കേണ്ട നടപടിക്രമം സംബന്ധിച്ച് റഗുലേഷനുകൾ ഉണ്ടാക്കുന്നതിന്, അതോറിറ്റിയെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 39-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

18. ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിൽ ഉണ്ടാകുന്ന ഏതെങ്കിലും വൈഷമ്യം നീക്കം ചെയ്യുന്നതിന്, ആക്റ്റിനോ അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങൾക്കോ വിരുദ്ധമല്ലാത്ത ഏതു കാര്യവും ഉത്തരവുമൂലം ചെയ്യുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 40-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

19. ഏതു കാര്യങ്ങളെ സംബന്ധിച്ചാണോ വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കുകയോ ചട്ടങ്ങൾ ഉണ്ടാക്കുകയോ ചെയ്യാവുന്നത് അവയെല്ലാം നടപടിക്രമം സംബന്ധിച്ച കാര്യങ്ങളും സാധാരണമോ അല്ലെങ്കിൽ ഭരണപരമോ ആയ സ്വഭാവത്തോട് കൂടിയതും ആണ്. കൂടാതെ, ചട്ടങ്ങൾ ഉണ്ടാക്കിയ ശേഷം, അവ നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. അതിനാൽ, ഏല്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

മാത്യു ടി. തോമസ്

## ഖണ്ഡങ്ങളിന്മേലുള്ള കുറിപ്പുകൾ

2-ാം ഖണ്ഡം.—ഈ ബില്ലിൽ ഉപയോഗിച്ചിട്ടുള്ള ചില വാക്കുകളും പദപ്രയോഗങ്ങളും നിർവ്വചിക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

3-ാം ഖണ്ഡം.—“കേരള റോഡ് സുരക്ഷാ അതോറിറ്റി” എന്ന പേരിൽ ഒരു അതോറിറ്റി രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

4-ാം ഖണ്ഡം.—കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ ചുമതലകൾ വ്യക്തമാക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

5-ാം ഖണ്ഡം.—അതോറിറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി രൂപീകരിക്കുന്നതിനും അതിന്റെ ചുമതലകളും അധികാരങ്ങളും വ്യക്തമാക്കുന്നതിനും വ്യവസ്ഥ ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

6-ാം ഖണ്ഡം.—അതോറിറ്റിയുടെ യോഗം കൂടുന്നതിന് ആവശ്യമായ സംഗതികളും അങ്ങനെയുള്ള യോഗങ്ങളിൽ പാലിക്കേണ്ടതായ നടപടിചട്ടങ്ങളും വ്യക്തമാക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

7-ാം ഖണ്ഡം.—അതോറിറ്റിയുടെ കാര്യങ്ങൾ തീർപ്പാക്കുന്നത് സംബന്ധിച്ച് വ്യവസ്ഥ ചെയ്യാൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

8-ാം ഖണ്ഡം.—അതോറ്റിയിലെ ഏതെങ്കിലും ഒഴിവോ അതിന്റെ രൂപീകരണത്തിലുള്ള ന്യൂനതയോ കണക്കിലെടുക്കാതെ, അതോറിറ്റിയുടെ നടപടികൾക്ക് സാധുത നൽകാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

9-ാം ഖണ്ഡം.—ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി ചീഫ് സെക്രട്ടറിയെ എക്സ് ഒഫീഷ്യോ റോഡ് സുരക്ഷാ കമ്മീഷണറായി നിയോഗിക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

10-ാം ഖണ്ഡം.—മോട്ടോർ വാഹനങ്ങൾക്ക് ഒറ്റത്തവണയായി സെസ്സ് ചുമത്തുന്നതിനും പിരിച്ചെടുക്കുന്നതിനും ആ തുക റോഡ് സുരക്ഷാ ഫണ്ടിലേക്ക് വകയിരുത്തുന്നതിനും വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

11-ാം ഖണ്ഡം.—കേരള റോഡ് സുരക്ഷാ ഫണ്ടിന്റെ രൂപീകരണത്തിന് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

12-ാം ഖണ്ഡം.—റോഡ് സുരക്ഷാ ഫണ്ട്, അതോറിറ്റിയിൽ നിക്ഷിപ്തമാക്കുന്നതിനും അതിന്റെ നടത്തിപ്പിനും വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

13-ാം ഖണ്ഡം.—റോഡ് സുരക്ഷാ ഫണ്ട് വിനിയോഗിക്കേണ്ടതായ ആവശ്യങ്ങൾ എടുത്തുപറയാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

14-ാം ഖണ്ഡം.—ഗതാഗതം സുഗമമാക്കുന്നതിനുവേണ്ടി തടസ്സങ്ങൾ നീക്കം ചെയ്യുന്നതിനും അപകടങ്ങൾ ഒഴിവാക്കുന്നതിനും വേണ്ടതായ എല്ലാ നടപടികളും കൈക്കൊള്ളുവാൻ ബന്ധപ്പെട്ട ആളിന് നിർദ്ദേശം നൽകുന്നതിന് കേരള റോഡ് സുരക്ഷാ അതോറിറ്റിയെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം. അടിയന്തിര സാഹചര്യത്തിൽ ആവശ്യമായ പരിഹാര നടപടികൾ കൈക്കൊള്ളുന്നതിനും ഉത്തരവാദിയായ ആളിൽ നിന്നും അതിന്റെ ചെലവ് ഈടാക്കുന്നതിനും അതോറിറ്റിയെ അധികാരപ്പെടുത്തുവാൻ കൂടി ഈ ഖണ്ഡം കൊണ്ട് ഉദ്ദേശിക്കുന്നു.

15-ാം ഖണ്ഡം.—റോഡുകളിലെ സുരക്ഷ ഉറപ്പാക്കുന്നതിനായി പൊതു റോഡിൽ ഏതെങ്കിലും പണി അല്ലെങ്കിൽ മെച്ചപ്പെടുത്തലിന് ഉത്തരവിടുവാൻ അതോറിറ്റിയെ അധികാരപ്പെടുത്തുന്നതിനും സർക്കാരിന്റെയോ ഏതെങ്കിലും തദ്ദേശാധികാരസ്ഥാനത്തിന്റെയോ ഏതെങ്കിലും ഒരു ആഫീസറോട് അതോറിറ്റിക്ക് സഹായകമായി പ്രവർത്തിക്കുവാൻ നിർദ്ദേശിക്കുന്നതിനും അധികാരം നല്കുന്നതിനുംകൂടി ഉദ്ദേശിച്ച് കൊണ്ടുള്ളതാണ് ഈ ഖണ്ഡം.

16-ാം ഖണ്ഡം.—14-ാം ഖണ്ഡപ്രകാരമുള്ള ഒരു ഉത്തരവ് കൈപ്പറ്റിയിട്ടുള്ള ഒരാൾ ആ പ്രവൃത്തി ചെയ്യാൻ വിസ്സമ്മതിക്കുന്ന സംഗതിയിൽ അതോറിറ്റിക്ക് നടപടി എടുക്കുന്നതിന് ചെലവായ തുക അയാളിൽ നിന്നും ഈടാക്കുന്നതിന് അതിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

17-ാം ഖണ്ഡം.—ഈ ആക്റ്റ് പ്രകാരം കിട്ടാനുള്ള തുക ഭൂമിയിന്മേലുള്ള പൊതു നികുതി കുടിശ്ശിക വസൂലാക്കുന്ന രീതിയിൽ ഈടാക്കുവാൻ വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

18-ാം ഖണ്ഡം.—സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി, റോഡ് സുരക്ഷാ പരിപാടികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുവേണ്ടി ഇതിൽ വിനിർദ്ദേശിച്ചിട്ടുള്ള നികായങ്ങൾക്കും ആഫീസർമാർക്കും അതിന്റെ അപ്രകാരമുള്ള അധികാരങ്ങളും ചുമതലകളും ഏല്പിച്ചുകൊടുക്കുന്നതിന് അതോറിറ്റിയെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

19-ാം ഖണ്ഡം.—ഓരോ ജില്ലയിലും ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ രൂപീകരിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

20-ാം ഖണ്ഡം.—അതോറിറ്റിയുടെ ചുമതലകൾ നിർവ്വഹിക്കുന്നതിലേക്കായി, ആവശ്യമുള്ളത്ര ആഫീസ് ജീവനക്കാരെ നിയമിക്കുന്നതിന് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

21-ാം ഖണ്ഡം.—ഫണ്ടിന്റെ നടത്തിപ്പിലുള്ള ചെലവുകൾ ഫണ്ടിൽ നിന്നുതന്നെ വഹിക്കുന്നതിന് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

22-ാം ഖണ്ഡം.—ഫണ്ടിന്റെ കണക്കുകൾ സൂക്ഷിക്കുന്നത് ഏതു രീതിയിലായിരിക്കണമെന്ന് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

23-ാം ഖണ്ഡം.—വാർഷിക റിപ്പോർട്ടുകളും, റിട്ടേണുകളും മറ്റു വിവരങ്ങളും റോഡ് സുരക്ഷാ കമ്മീഷണർക്കും അതോറിറ്റിക്കും സമർപ്പിക്കുന്നതിന് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

24-ാം ഖണ്ഡം.—അതോറിറ്റിയുടെ പ്രവർത്തനങ്ങളുടെ കൃത്യവും സമ്പൂർണ്ണവുമായ ഒരു വാർഷിക റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുന്നതിന് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

25-ാം ഖണ്ഡം.—അതോറിറ്റിയുടെ കണക്കുകൾ ആഡിറ്റ് ചെയ്യുന്നതിന് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

26-ാം ഖണ്ഡം.—അതോറിറ്റിയുടെ ഉത്തരവുകൾ പാലിക്കാതിരിക്കുന്നതിന് ശിക്ഷ നല്കുന്നതിന് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

27-ാം ഖണ്ഡം.—അതോറിറ്റിയേയോ അതിന്റെ ജീവനക്കാരെയോ അതിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിൽ തടസ്സപ്പെടുത്തുന്ന ആളുകൾക്ക് ശിക്ഷ നല്കുന്നതിന് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

28-ാം ഖണ്ഡം.—26-ാം ഖണ്ഡത്തിൻ കീഴിൽ ശിക്ഷിക്കപ്പെടാവുന്ന കുറ്റങ്ങൾ രാജിയാക്കുന്നതിന് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

29-ാം ഖണ്ഡം.—ഈ ആക്റ്റിലെ വ്യവസ്ഥകളുടെ ലംഘനത്തിന് ഒരു കമ്പനിയെ ഉത്തരവാദിയാക്കുന്നതിന് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

30-ാം ഖണ്ഡം.—അതോറിറ്റിയുടേയോ ഒരു ജില്ലാ റോഡ് സുരക്ഷാ കൗൺസിലിന്റെയോ ഉദ്യോഗസ്ഥരുടെ ഉത്തരവുകൾക്കെതിരെ അപ്പീലിന് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

31-ാം ഖണ്ഡം.—സർക്കാരിന് അതോറിറ്റിയുടെ ഉത്തരവുകളിന്മേൽ റിവിഷന് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

32-ാം ഖണ്ഡം.—അതോറിറ്റിയിലെ അംഗങ്ങളും ജീവനക്കാരും പബ്ളിക് സർവെന്റുമാർ ആയിരിക്കുമെന്ന് വ്യക്തമാക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

33-ാം ഖണ്ഡം.—ഈ ആക്റ്റിൻ കീഴിൽ ഉത്തമവിശ്വാസത്തോടെ ചെയ്ത ഏതു കാര്യവും സംബന്ധിച്ച് സർക്കാരിനും അതോറിറ്റിയുടെ ഉദ്യോഗസ്ഥർക്കും എതിരെയുള്ള വ്യവഹാരത്തിലോ, പ്രോസിക്യൂഷനിലോ മറ്റു നിയമ നടപടികളിലോ നിന്നും സംരക്ഷണം നല്കുന്നതിന് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

34-ാം ഖണ്ഡം.—ഈ ആക്റ്റിൻ കീഴിൽ ശിക്ഷിക്കപ്പെടാവുന്ന കുറ്റങ്ങൾ നടപടിക്കെടുക്കുന്നതിലേക്ക് രേഖാമൂലമുള്ള ഒരു റിപ്പോർട്ട് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

35-ാം ഖണ്ഡം.—സർക്കാരോ അതോറിറ്റിയോ ഒത്തുതീർപ്പാക്കേണ്ടതോ, തീരുമാനിക്കേണ്ടതോ കൈകാര്യം ചെയ്യേണ്ടതോ നിർണ്ണയിക്കേണ്ടതോ ആയ കാര്യങ്ങളിൽ സിവിൽ കോടതികളുടെ അധികാരിതയെ വിലക്കുന്നതിന് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

36-ാം ഖണ്ഡം.—ഈ ആക്റ്റിലെ വ്യവസ്ഥകൾ 1999-ലെ കേരള ഹൈവേ സംരക്ഷണ ആക്റ്റിലെ (2000-ലെ 6) വ്യവസ്ഥകൾക്ക് ഭംഗം വരാത്തവിധമായിരിക്കേണ്ട താണെന്ന് വ്യക്തമാക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

37-ാം ഖണ്ഡം.—സർക്കാരിന്, നയപരമായ കാര്യങ്ങളിൽ അതോറിറ്റിക്ക് നിർദ്ദേശം നല്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

38-ാം ഖണ്ഡം.—ഈ ആക്റ്റിലെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിന് ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

39-ാം ഖണ്ഡം.—അതോറിറ്റിയുടെ മുമ്പാകെ വരുന്ന കാര്യങ്ങൾ തീർപ്പാക്കുന്നതിനും യോഗങ്ങളുടെ നടത്തിപ്പിനും റഗുലേഷനുകൾ ഉണ്ടാക്കുന്നതിന് അതോറിറ്റിയെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

40-ാം ഖണ്ഡം.—ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിൽ ഉണ്ടാകുന്ന ഏതെങ്കിലും വൈഷമ്യം നീക്കം ചെയ്യുന്നതിന് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.